LIBRARY ARCHIVES Kerala Legislative Assembly

## മദ്യവില്പനശാലകളിലെ താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

59 [996] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള വില്പനശാലകളിൽ എത്രപേരെ ദിവസക്കൂലി അടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വില്പനശാലയിൽ നിയമിക്കപ്പെട്ടവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

*ഉത്തരം*

(എ) ദിവസക്കൂലി അടിസ്ഥാനത്തിൽ ആകെ 699 പേരെ നിയോഗിച്ചിട്ടുണ്ട്. കോർപ്പറേഷൻ മേനേജ്മെന്റ് കരാറടിസ്ഥാനത്തിൽ ആരേയും ദിവസവേതനക്കാരായി നിയോഗിച്ചിട്ടില്ല.

(ബി) 620 പേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ ഉദ്ദേശമില്ല.

## മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ നടപടി

60 [997] *ശ്രീ. ലൂഡി ലൂയിസ്:*

*പ്രൊഫ. എ. ഡി. മുസ്തഫ:*

*ശ്രീ. സി. പി. മുഹമ്മദ്:*

*ശ്രീമതി മേഴ്സി രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവിപത്തിനെതിരെ സമരം നടത്തുന്ന എത്ര സംഘടനകൾ നിലവിലുണ്ട്; ഇത്തരം സംഘടനകൾക്ക് ഗവൺമെന്റ് തലത്തിൽ എന്തെല്ലാം പ്രോൽസാഹനങ്ങൾ നൽകുന്നുണ്ട്;

(ബി) മദ്യത്തിന്റെ ഉപയോഗം കുറയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

*ഉത്തരം*

(എ) രജിസ്റ്റർ ചെയ്തും അല്ലാതെയും പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ ഉള്ളതിനാൽ സംഘടനകളുടെ എണ്ണം കൃത്യമായി സർക്കാരിന് ലഭ്യമല്ല. കഴിഞ്ഞ സാമ്പത്തികവർഷംവരെ ഇത്തരം സന്നദ്ധ സംഘടനകൾക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ മുഖേനയും ജില്ലാ കളക്ടർമാർ മുഖേനയും അർഹതയുടെയും പ്രവർത്തനമികവിന്റെയും അടിസ്ഥാനത്തിൽ സാമ്പത്തികസഹായം നൽകിയിരുന്നു. ഈ വർഷം മദ്യത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികൾക്കായി 14 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി, മദ്യവിരുദ്ധ പ്രചരണ രംഗത്തുള്ള സന്നദ്ധ സംഘടനകളെ ധനസഹായത്തിലൂടെയും മറ്റും പ്രോൽസാഹിപ്പിക്കുന്നു. കുടുംബശ്രീ യൂണിറ്റുകളിലും സ്കൂൾതലത്തിലും മദ്യവിരുദ്ധ ബോധവൽക്കരണം വ്യാപിപ്പിക്കുന്നതിനായി ബഹു. എക്സൈസ് വകുപ്പുമന്ത്രി ചെയർമാനായി ഒരു സംസ്ഥാന ഉപദേശക സമിതിയും ജില്ലാതല കമ്മിറ്റികളും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

വ്യാജ മദ്യനിർമ്മാണവും വിപണനവും കണ്ടെത്തി നശിപ്പിക്കുന്നതിന് എല്ലാ ജില്ലാതല എക്സൈസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കുന്നതിലെ സർക്കാർ നിലപാട്**

61 [998] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 വർഷത്തിൽ സംസ്ഥാനത്ത് എത്ര കള്ളുഷാപ്പുകൾക്ക് ലൈസൻസ് നൽകി എന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ലൈസൻസിന് പോകാത്ത അംഗീകൃത കള്ളുഷാപ്പുകൾ ഉണ്ടെങ്കിൽ ജില്ല/റേഞ്ച് അടിസ്ഥാനത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ലൈസൻസിന് പോയിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) ലൈസൻസിന് പോകാത്ത ഷാപ്പുകൾ തുടർന്ന് നടത്താൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) ഷാപ്പുകൾ ലൈസൻസിന് പോകാത്തതുകാരണം കള്ളുവ്യവസായത്തിൽ എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിർത്തലാക്കിയ 610 കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly